പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4298.

03.02.2014-ലെ മറുപടിയ്ക്ക്

## ടൂറിസം വികസനത്തിന് കേന്ദ്രഫണ്ട്.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഹംസ | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സുപ്രധാനവും ചരിത്രപരവും ആയ സ്ഥലങ്ങളെ ടൂറിസം കേന്ദ്രങ്ങളാക്കുന്നതിനും, നിലവിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ വികസിപ്പിക്കുന്നതിനുമായി 2012-13 വർഷത്തിൽ കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചു; അതിൽ എത്ര തുക ചെലവഴിച്ചു;<br>(ബി) സംസ്ഥാനത്തെ ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളിലാണ് തുക ചെലവഴിച്ചത്; എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി; വിശദമായ സ്റ്റേറ്റ്മെന്റ് നൽകാമോ; | **(എ)യും (ബി)യും**<br>2012-13 സാമ്പത്തിക വർഷത്തിൽ കേന്ദ്ര ധനസഹായമായി 58,68,47,000/- രൂപ അനുവദിച്ചു. ഇതിൽ 3,51,54,000/- രൂപ സംസ്ഥാന സർക്കാരിന്റെ അക്കൗണ്ടിലേയ്ക്ക് ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) പാലക്കാട് ജില്ലയിലെ മലമ്പുഴ ഉദ്യാനം 2012-13 വർഷത്തിൽ മോടി പിടിപ്പിക്കുന്നതിനായി എത്ര തുക ചെലവഴിച്ചു; അതിൽ കേന്ദ്രഫണ്ട് എത്ര; എന്തെല്ലാം നവീകരണ പ്രവർത്തനങ്ങൾ നടത്തി; വിശദാംശം ലഭ്യമാക്കാമോ? | (സി) 2012-13 സാമ്പത്തിക വർഷത്തിൽ 1,07,62,810/- രൂപ മലമ്പുഴ ഉദ്യാനം മോടി പിടിപ്പിക്കുന്നതിനായി ചെലവഴിച്ചു. ഈ തുക പൂർണ്ണമായും കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭ്യമായതാണ്. ആംഫി തീയറ്റർ, കോംപൗണ്ട് വാൾ, ഫെൻസിംങ്, ഇല്യൂമിനേഷൻ, എൻട്രൻസ് പ്ലാസ തുടങ്ങിയവയാണ് ഉദ്യാനനവീകരണവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ. |

സെക്ഷൻ ഓഫീസർ